**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2335** **12-12-2022 - ൽ മറുപടിയ്ക്ക്**

**ക്യാൻസർ രോഗികൾക്കായുള്ള സഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്യാൻസർ രോഗികൾക്കായി എന്തെല്ലാം സഹായ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ? | (എ) | 18 വയസ്സിനു മുകളിൽ പ്രായമുള്ള ക്യാൻസർ രോഗികൾക്ക് സുകൃതം പദ്ധതിയും 18 വയസ്സിനു താഴെയുള്ളവർക്ക് ക്യാൻസർ സുരക്ഷാ പദ്ധതിയും നിലവിലുണ്ട്. 18 വയസ്സിനു താഴെ പ്രായമുള്ള നിർദ്ധനരായ കുട്ടികൾക്ക് സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. ഗവൺമെന്റ് ജോലിക്കാരുടെയും റീഇമ്പേഴ്സ്മെന്റ് ഉള്ളവരുടെയും കുട്ടികളെ ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല. മരുന്നുകളും ലാബ് പരിശോധനകളും സ്കാൻ, റേഡിയേഷൻ തുടങ്ങിയ എല്ലാ ചികിത്സകളും സൗജന്യമായി നൽകി വരുന്നു. കാൻസർ ബാധിതരായവർക്ക് സർക്കാർ പദ്ധതികളായ ആർ.എസ്.ബി.വൈ, കാസ്പ്, ആർ.ബി.എസ്.കെ, പെൻഷൻ പദ്ധതി, ആരോഗ്യ ഇൻഷ്വറൻസ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവ വഴിയും സഹായങ്ങൾ നൽകി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ ക്യാൻസർ രോഗികൾക്കായി ചികിത്സാ സഹായ ഫണ്ട്, കാൻസർ പെൻഷൻ, മറ്റ് കാൻസർ ചികിത്സാ പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി (KASP) അഞ്ച് ലക്ഷം രൂപ വരെ ഇൻഷ്വറൻസ് ഇനത്തിൽ ഒരു കുടുംബത്തിന് ലഭിക്കുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ജനങ്ങൾക്കും KASP ന്റെ ഈ ചികിത്സാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാണ്. ദേശീയ ആരോഗ്യ മിഷനു കീഴിൽ 'രാഷ്ട്രീയ ബാലസ്വാസ്ഥ്യ കാര്യക്രം' (RBSK) പദ്ധതി പ്രകാരം 18 വയസ്സിൽ താഴെയുള്ള കാൻസർ ഉൾപ്പെടെയുള്ള ചികിത്സാവിധികൾ സൗജന്യമായാണ് നൽകി വരുന്നത്. നോൺ പ്ലാൻ ഫണ്ട് വഴി കാൻസർ |

| | | | |
|---|---|---|---|
| | | | രോഗികൾക്കുള്ള ചികിത്സാ ധനസഹായ ഫണ്ട് പ്രതിമാസം 1000/-രൂപ നിരക്കിൽ ആരോഗ്യവകുപ്പിൽ നിന്നും നൽകി വരുന്നുണ്ട്. റവന്യൂ വകുപ്പിൽ നിന്നും കാൻസർ പെൻഷൻ കാൻസർ ബാധിതരായ രോഗികൾക്ക് നൽകി വരുന്നുണ്ട്. സാമൂഹിക സുരക്ഷാ മിഷന്റെ 'താലോലം' പദ്ധതി വഴിയും 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് കാൻസർ ചികിത്സാ സഹായം ലഭിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ